പത്രക്കുറിപ്പ്
20-01-2018

**കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിൽ**
**നവീകരിച്ച ലൈബ്രറി പ്രവർത്തനം ആരംഭിച്ചു**

തിരുവനന്തപുരം; കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിൽ നവീകരിച്ച ലൈബ്രറി പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ലൈബ്രറിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കേന്ദ്ര- കേരള സർക്കാരുകൾ, സ്ത്രീ ശാക്തീകരണം, കുടുംബശ്രീ, സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമങ്ങൾ, ദാരിദ്ര്യം, ദാരിദ്ര്യ നിർമ്മാർജ്ജനം, സൂക്ഷ്മ സംരംഭം, മൈക്രോ ഫിനാൻസ്, സാമ്പത്തിക വികസനം, പഞ്ചവത്സര പദ്ധതികൾ, മാനേജ്മെന്റ് തുടങ്ങിയ വ്യത്യസ്ത വിഷയങ്ങളെ സംബന്ധിക്കുന്ന 3000ത്തോളം പുസ്തകങ്ങളാണ് ലൈബ്രറിയിലുള്ളത്. കൂടാതെ ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള മറ്റ് പുസ്തകങ്ങളും വാരികകളുമുണ്ട്. കുടുംബശ്രീയുടെ സംസ്ഥാന, ജില്ലാ മിഷനുകൾ പുറത്തിറക്കിയ വിവിധ  പ്രസിദ്ധീകരണങ്ങൾ, ന്യൂസ് ലെറ്ററുകൾ എന്നിവയും ലൈബ്രറിയിലുണ്ട്.

വ്യക്തിത്വ വികസനം, പുസ്തക നിരൂപണം എന്നിവ ഉൾപ്പെടുന്ന സെമിനാറുകളും ഉദ്യോഗസ്ഥർക്ക് വേണ്ടി എല്ലാ ബുധനാഴ്ച തോറും ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ